മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

23.08.2017-ൽ ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പുകളിലെ നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർവകലാശാലയിൽ നിലവിലുള്ള വർക്ക് മോണിറ്ററിംഗ് കമ്മിറ്റിയെ പ്രോജക്ട് മോണിറ്ററിംഗ് സമിതിയായി പരിഗണിക്കാവുന്നതാണ് എന്ന് തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പി & ഡി - I സെക്ഷൻ**

യു.ഒ.നം. 3440/(പിഡി)1/2/2019/ഭരണവിഭാഗം പി.ഡി.ഹിൽസ്, തീയതി, 29.11.2019

---

പരാമർശം: 1. യു.ഒ. നം. 7400/പി ഡി-1/2/2017/ഭരണവിഭാഗം തീയതി 19.12.2017.
2. 16.11.2019-തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ.67/19.10/181180

**ഉത്തരവ്**

ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 23.08.2017-ന് കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പുകളിലെ " In the Universities, Syndicate approval at every stage of execution of work shall be avoided. Once the approval from Syndicate is obtained for the project thereafter project monitoring unit in the Universities may monitor and take necessary decisions as per procedure" എന്ന നിർദ്ദേശം സർവകലാശാലയിൽ നടപ്പിലാക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിച്ച് ഉത്തരവായിരുന്നു.

ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതികളുടെ നടത്തിപ്പ് സുഗമവും കാര്യക്ഷമവുമാക്കുന്നതിന് വേണ്ടി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ബഹു. വൈസ് ചാൻസലറുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

1. സർവകലാശാലയിൽ ഇപ്പോൾ നിലവിലുള്ള വർക്ക് മോണിറ്ററിംഗ് കമ്മിറ്റിയാണ് നിർമ്മാണ പ്രവർത്തിയുടെ പുരോഗതി വിലയിരുത്തുന്നതും പെയ്മെന്റുകൾ, മറ്റനുബന്ധ വിഷയങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ശുപാർശകൾ സമർപ്പിക്കുന്നതും ടി വർക്ക് മോണിറ്ററിംഗ് കമ്മിറ്റിയെ പ്രോജക്ട് മോണിറ്ററിംഗ് സമിതിയായി പരിഗണിക്കാവുന്നതാണ്.
2. സാധാരണയായി വിവിധ നിർമ്മാണ പ്രവൃത്തികളുടെ പ്ലാൻ, എസ്റ്റിമേറ്റ്, നിർവ്വഹണ ഏജൻസികൾ തുടങ്ങിയ കാര്യങ്ങൾ അംഗീകരിക്കുന്നത് സിൻഡിക്കേറ്റാണ്. ടി അംഗീകാരം ഒരിക്കൽ ലഭിച്ചു കഴിഞ്ഞാൽ ആർക്കിടെക്റ്റ് ഫീസ്, പാർട്ട് പെയ്മെന്റ് (5 ലക്ഷത്തിനു മുകളിൽ), അഡീഷണൽ വർക്കുകൾ (പരിധി തീരുമാനിച്ചുകൊണ്ട്) തുടങ്ങിയ കാര്യങ്ങൾ പ്രൊജക്ട് മോണിറ്ററിംഗ് കമ്മറ്റിയുടെ ശുപാർശയോടെ വൈസ് ചാൻസലർക്ക് അംഗീകരിക്കാവുന്നതാണ്.
3. വാർഷിക പദ്ധതികൾ/എറുഡൈറ്റ്/മറ്റ് കേന്ദ്ര/സംസ്ഥാന സർക്കാർ സഹായം ലഭിക്കുന്ന പദ്ധതികൾ തുടങ്ങിയവയ്ക്ക് കേന്ദ്ര/സംസ്ഥാന സർക്കാർ അനുമതി ലഭിച്ചു കഴിഞ്ഞാൽ പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശയോടെ വൈസ് ചാൻസലർക്ക് പേയ്മെന്റുകൾക്ക് അനുമതി നൽകാവുന്നതാണ്.
4. മേൽ പദ്ധതികളുടെ ധന വിനിയോഗം, ക്രമീകരണം തുടങ്ങിയ കാര്യങ്ങൾ പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശയോടെ വൈസ് ചാൻസലർക്ക് അംഗീകരിക്കാവുന്നതാണ്.

ടി നിർദ്ദേശങ്ങൾ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ 31.01.2018-ൽ ബഹു. വൈസ് ചാൻസലർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 16.11.2019 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (2) പ്രകാരം താഴെപ്പറയുന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

**'24.11.2017-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതികളുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിനു വേണ്ടി സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളിൽ ഒന്നാമത്തെ നിർദ്ദേശമായ "സർവകലാശാലയിൽ ഇപ്പോൾ നിലവിലുള്ള വർക്ക് മോണിറ്ററിംഗ് കമ്മിറ്റിയാണ് നിർമ്മാണ പ്രവർത്തിയുടെ പുരോഗതി വിലയിരുത്തുന്നതും പെയ്മെന്റുകൾ, മറ്റനുബന്ധ വിഷയങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ശുപാർശ സമർപ്പിക്കുന്നതും. ടി വർക്ക് മോണിറ്ററിംഗ് കമ്മിറ്റിയെ പ്രോജക്ട് മോണിറ്ററിംഗ് സമിതിയായി പരിഗണിക്കാവുന്നതാണ്" എന്ന നിർദ്ദേശം മാത്രം പരിഗണിക്കുവാൻ തീരുമാനിച്ചു.'**

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ദിലീപ് കുമാർ ആർ
ഡെപ്യൂട്ടി രജിസ്ട്രാർ (പി.& ഡി)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. ഡയറക്ടർ, പ്ലാനിംഗ് & ഡെവലപ്പ്മെന്റ്
2. സർവകലാശാല എഞ്ചിനീയർ/എഞ്ചിനീയറിംഗ് യൂണിറ്റ്
3. വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
4. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റുമാർ
5. എ.സി.സി സെക്ഷൻ / എ.ഡി.ഡി.സെക്ഷൻ
6. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ഓഡിറ്റ് 1/അക്കൗണ്ട്സ് V
7. റെക്കോർഡ്സ് സെക്ഷൻ/ഫിനാൻസ് IV
8. കെ.എസ്.എ.ഡി
9. സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

(ഫയൽ നം. പിഡി-1/2/515/2017)